യേയും . ബഹുമാനപ്പെട്ട സുന്ദരൻ നാടാരെയും കണ്ട് ഇതെങ്കിലും ഒന്നു വദിച്ചു തരണമെന്നു പറഞ്ഞതാണ്. അപ്പോഴൊക്കെ ആലോചിക്കാമെന്നു പറഞ്ഞു. ഞാൻ രണ്ടുതവണ ഉന്നയിച്ചപ്പോഴും കിട്ടിയ മറുപടിയും എന്റെ കൈവശമുണ്ട്. ശ്രീമാൻ എൻ. സുന്ദരൻ നാടാർ അടിയന്തിരമായി ഇത് അനുവദിക്കുന്നതാണ്, അതിൽ വലിയ പ്രയാസമൊന്നുമില്ല, ചെലവൊന്നുമില്ല, തരുമെന്നു പറഞ്ഞതാണ്. കഴിഞ്ഞ രണ്ടുരണ്ടര കൊല്ലമായിട്ട് ഇതുവരെ നടന്നില്ല. ഒരു സ്റ്റേറേഷൻമാസ്റ്ററുടെ ഓഫീസ്, ചെറിയൊരു റിസർവേഷൻ സൗകര്യത്തിനുവേണ്ടി അവിടെ തുടങ്ങേണ്ടതാവശ്യമാണ്. മൂന്നാമതൊരു പ്രാവശ്യമാണ് ഞാനിതുന്നയിക്കുന്നത്. ഒന്നുതെറ്റിയാൽ മൂന്നാമത്തേത് ശരിയാകുമെന്നുള്ളതിനു വേണ്ടിയെങ്കിലും ഇത് അടിയന്തിരമായി രണ്ടുമൂന്നാഴ്ചയ്ക്കകം അവിടെ വരുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, വടകര ടൗൺ കോഴിക്കോടിനും കണ്ണൂരിനും മദ്ധ്യേയുള്ള ദേശസാൽകൃത മേഖലയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഗതാഗത കേന്ദ്രമാണ്. സ്റ്റേറേഷൻമാസ്റ്ററർ ഓഫീസ് തുടങ്ങുന്നതുവഴി കെ. എസ്. ആർ. ടി. സി. ക്ക് പ്രതിമാസം മൂവായിരം രൂപയോളം അധികച്ചെലവുണ്ടാകുന്നതാണ്. ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ദേശസാൽകൃതമല്ലാത്ത വടകരയിൽ ഒരു സ്റ്റേറേഷൻമാസ്റ്ററർ ഓഫീസ് തുടങ്ങുന്നതിന് തൽക്കാലം നിർവ്വാഹമില്ല. എങ്കിലും സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് ഇക്കാര്യം ആലോചിക്കുന്നതാണ്. റിസർവ്വേഷൻ സൗകര്യം സംസ്ഥാനത്ത് ഒന്നുരണ്ടു സ്ഥലങ്ങളൊഴിച്ചാൽ ബന്ധപ്പെട്ട സ്റ്റേറേഷനിൽ മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരം റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിൽ പല കാരണങ്ങളാലും ബുദ്ധിമുട്ടുകളുണ്ടാക്കുന്നതാണ്. നിശ്ചിത ബസ് വരാതിരുന്നാൽ യാത്രക്കാരെ മറ്റ് ബസുകളിൽ അയയ്ക്കുന്നതിനോ റീ ഫണ്ട് നൽകുന്നതിനോ ഒക്കെ ഇടയ്ക്കുള്ള സ്റ്റേറേഷനുകളിൽ പ്രയാസമുണ്ട്.

ശ്രീ. ജി. കാർത്തികേയൻ: സർ, ഞാൻ ഇവിടെ തന്നിരുന്ന സബ്മിഷന്റെ വിഷയത്തിനു ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മറുപടി പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഞാൻ വരൾച്ചയെപ്പറ്റിയാണ് സബ്മിഷൻ കൊടുത്തിരുന്നത്. അദ്ദേഹം ആലപ്പുഴ ജില്ലയെക്കുറിച്ച് പറഞ്ഞപ്പോഴും വരൾച്ചയെ നേരിടാൻ ഗവൺമെന്റ് എടുക്കുന്ന സന്നാഹങ്ങളെപ്പറ്റി പറയുകയുണ്ടായി. അതുകൊണ്ട് ഞാൻ സബ്മിഷൻ ആവർത്തിക്കുന്നില്ല.

## (38) കുവൈറ്റികളുടെ കേരള സന്ദർശനം

ശ്രീ. ഇ. കെ. നായനാർ: സർ, കുവൈറ്റികളുടെ കേരള സന്ദർശന പ്രശ്നം ഞാൻ കഴിഞ്ഞ തവണയും ഇവിടെ ഉന്നയിച്ചതാണ്. രണ്ട് അനഭിമതരായ കുവൈറ്റുകാർ ഇവിടെ വന്നകാര്യം പരാമർശിച്ചപ്പോൾ അതിനെ മറച്ചുവയ്ക്കാൻവേണ്ടി ഇവിടത്തെ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഭക്ഷ്യവകുപ്പു മന്ത്രിയും ഒക്കെ ശ്രമിച്ചു. ഇപ്പോൾ കൂടുതൽ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. പ്രസ്തുത കുവൈറ്റികൾ അവിടെ ഇന്ത്യൻ സ്ഥാനപതി കാര്യാലയത്തിൽ വിസക്ക് അപേക്ഷിച്ചുവെങ്കിലും അത് നിഷേധിച്ചുവെന്നാണ് പറയുന്നത്. അതു കൂട്ടാക്കാതെയാണ് ഇവിടെ അവർ വന്നത്. ഇവിടെക്കൊണ്ടുവന്ന പെട്ടികൾ തന്നെ മുഴുവൻ തിരിച്ചുകൊണ്ടു പോയിട്ടില്ല. ഒരു പെട്ടിയേ എടുത്തിട്ടുള്ളൂ. ബാക്കിയുള്ള പെട്ടി ഇവിടെ ഉണ്ട് അതുപോലെതന്നെ ഈ കുവൈറ്റികൾ കേരളം സന്ദർശിച്ചയവസരത്തിൽ അവർ പോയ കാറിൽ ദേശീയപതാക

LIBRARY ARCHIVES Kerala Legislative Assembly

75144



പറപ്പിച്ചു. കുവൈറ്റിലെ ഇന്ത്യൻ എമ്പസിയിൽ വിസ നിഷേധിച്ചവർക്ക് ഇവിടെ ദേശീയപതാക വച്ചകാർ വിട്ടു കൊടുത്തു. മുഖ്യമന്ത്രി അവരെ പേയിങ്ങ് ഗസ്റ്റാക്കി. മുഖ്യമന്ത്രി പേയിങ്ങ് ഗസ്റ്റാക്കുക മാത്രമല്ല ശരിയായ ഗസ്റ്റാക്കുക തന്നെയാണ് ചെയ്തത്. കാരണം അവർക്ക് അതിന്റെ എല്ലാ ആനുകൂല്യങ്ങളും കൊടുത്തു. ആ ബ്ലാക്ക് ലിസ്റ്റിൽ പ്പെട്ട അനഭിമതരായിട്ടുള്ള കുവൈറ്റികൾ കേരളസന്ദർശനത്തിനുശേഷം തിരിച്ചുപോയി പറഞ്ഞതെന്താണെന്നോ ? മാർച്ച് 25-ാം തീയതിയുള്ള 'അറബ് ടൈംസ്' എന്ന പത്രത്തിൽ പറഞ്ഞിരിക്കുന്നതെന്താണെന്നോ ?

..... (ബഹളം) .....

(അറബ് ടൈംസ് പത്രം പ്രതിപക്ഷനേതാവ് സഭയിൽ ഉയർത്തിക്കാണിച്ചു)

അതിൽ കൊടുത്ത ഇന്റർവ്യൂവിൽ പറയുന്നത് While tens of thousands of Keralites work and enjoy religious and civil rights in Kuwait, the houses and properties of muslims in India are being burnt down and mosques transferred to Hindu temples amid calls for the expulsion of muslims to Pakistan എന്നാണ്. കേരളം സന്ദർശിച്ചതിനുശേഷമുള്ള റിപ്പോർട്ടാണ്. കേരളം സന്ദർശിച്ചതിനുശേഷം, ഇവിടെ പത്തുദിവസം താമസിച്ചതിനു ശേഷം കേരളത്തിലെ പ്രശ്നങ്ങളെ സംബന്ധിച്ച് ഇത്തരത്തിലുള്ള ഒരു സ്റ്റേറ്റ്മെന്റാണ് അവിടെപ്പോയി ഇറക്കിയിരിക്കുന്നത്. അപ്പോഴും ഇന്ത്യയിൽ ഇതാണോ സ്ഥിതി? കേരളത്തിൽ ഇതാണോ സ്ഥിതി ? ഇത്തരത്തിലുള്ള ഒത്താശകൾ ചെയ്തുകൊടുത്ത ഈ സർക്കാരിന് അധികാരത്തിലിരിക്കുവാൻ അവകാശമില്ല. അധികാരത്തിലിരിക്കാൻ അവകാശമില്ലെന്ന ഒരു പ്രമേയം ഞങ്ങൾ ഇവിടെക്കൊണ്ടുവന്നപ്പോൾ ഭൂരിപക്ഷത്തോടുകൂടി നിങ്ങൾ തോൽപ്പിച്ചുവെങ്കിലും എനിക്ക് അത് പറയാതിരിക്കുവാൻ നിർവ്വാഹമില്ല. കരുതിക്കൂട്ടി തോൽപ്പിച്ചുവെങ്കിലും പറയാതിരിക്കുവാൻ നിർവ്വാഹമില്ല. അനഭിമതരായ രണ്ട് വിദേശകാർക്ക് ദേശീയപതാക വച്ചുകെട്ടിയ കാറുംപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. അവർ ഇവിടെ നിന്നുപോയി ഇന്ത്യക്കെതിരായി കാംപെയിൻ നടത്തുന്നു. ഇവരുമായി കൂട്ടുകൂടിയിട്ടുള്ള മന്ത്രിമാർക്കു അധികാരത്തിൽ തുടരാനവകാശമില്ല. കേരളത്തിലെ മുഖ്യമന്ത്രി അവരെ പേയിങ്ങ് ഗസ്റ്റാക്കിയതിൽ നിങ്ങൾക്കെന്താണ് അഭിപ്രായം ? തീർച്ചയായിട്ടും ഇവരെ പുറത്താക്കേണ്ടതാണ്. മുഖ്യമന്ത്രി ഒരു നിയമസഭാ കമ്മിറ്റിവച്ച് ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കുവൈറ്റികളുടെ കേരള സന്ദർശനത്തെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഇന്ന് ഹൈക്കോടതിയിലറിങ്ങിലാണ്. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. കുവൈറ്റിൽവച്ച് അവർ പ്രസംഗിച്ചുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രസംഗത്തെ സംബന്ധിച്ച് നടപടികൾ എടുക്കുവാനുള്ള അധികാരം കേന്ദ്രഗവൺമെന്റിനാണ്. സംസ്ഥാനഗവൺമെന്റിന് അക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാൻ അവകാശമില്ല. ഒരു വിദേശ പൗരൻ അയാളുടെ രാജ്യത്തു വച്ച് ഈ രാജ്യത്തെക്കുറിച്ച് എന്തെങ്കിലും അഭിപ്രായം പറഞ്ഞിട്ടുണ്ടെങ്കിൽ അത് കേന്ദ്രഗവൺമെന്റ് യു. എ. ഇ. ഗവൺമെന്റുമായിട്ട് കൈകാര്യം ചെയ്യേണ്ട പ്രശ്നമാണ്. അതുകൊണ്ട് സംസ്ഥാനഗവൺമെന്റിന് ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല. ഈ സംസ്ഥാനത്തു വച്ചുഅങ്ങനെ പ്രസംഗിച്ചതായി റിപ്പോർട്ടൊന്നുമില്ല. ആ സാഹചര്യത്തിൽ ഇന്ത്യാഗവൺമെന്റ് തീർച്ചയായും വളരെയധികം ശ്രദ്ധാപൂർവ്വംതന്നെ ഇക്കാര്യം കൈകാര്യം ചെയ്യും. കൈകാര്യം ചെയ്യുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും സ സ്ഥാനഗവൺമെന്റിന് ഇക്കാര്യത്തിൽ പ്രത്യേകമായിട്ടധികാരമില്ലാത്തതുകൊണ്ട് യാതൊരു നടപടിയും സ്വീകരിക്കാൻ നിവർത്തിയില്ല.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

*Minister for Finance and Law* (**Shri K. M. Mani**): Sir, I am on a point of order.

Rule 284 of the Rules of Procedure.

A member while speaking shall not—(i) refer to any matter of fact on which a judicial decision is pending;

ഈ വിഷയം സംബന്ധിച്ച് ഒരു കേസ് ഇന്ന് ഹൈക്കോടതി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇത് അനുവദനീയമാണോ ?

..... ....(ബഹളം).... .. .....

മി. സ്പീക്കർ : ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ പ്രശ്നം ഉന്നയിക്കുന്നതു സംബന്ധിച്ച് ചെയറിന് എഴുതിതന്ന അവസരത്തിൽ തന്നെ ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചിട്ട് അതിനകത്ത് അപാകതയുള്ളതായി യാതൊന്നും ഇല്ല. അതുകൊണ്ട് ചെയർ അനുവദിച്ചതാണ്.

ശ്രീ. കെ. എം. മാണി : ഞാൻ അങ്ങയുടെ റൂളിംഗിനെ ബഹുമാനിക്കുന്നു. പക്ഷേ ഇത് സബ് ജുഡീസാണ്.

മി. സ്പീക്കർ : അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചിട്ടുതന്നെയാണ് അനുവദിച്ചിട്ടുള്ളത്. സബ് ജഡീസിന്റെ പ്രശ്നം ഇവിടെ വരുന്നില്ല.....(ബഹളം) .....

ശ്രീ. കെ. പി. പ്രഭാകരൻ : ഇവിടെ പ്രശ്നം അതല്ല, ആ കുവൈറ്റുകാർ ഇവിടെ വന്ന് നടത്തിയ പ്രവർത്തനത്തിൽ നിന്നും അവരുടെ ഉദ്ദേശമാണ് പുറത്തു വന്നത്. ഇൻഡ്യാ വിരുദ്ധ പ്രചരണം നടത്തുന്നതിനുവേണ്ടിയാണ് അവർ ഇവിടെ വന്നത്. അല്ലാതെ സാമൂഹ്യ പരിപാടിയിൽ പങ്കെടുക്കാനൊന്നുമല്ല.....(ബഹളം).... .....

മി. സ്പീക്കർ : ഇത് ചർച്ചയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന് പറയാനുള്ളത് പറഞ്ഞു കഴിഞ്ഞു. ഇനി കൂടുതലൊന്നും അദ്ദേഹത്തിന് പറയാനില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിനും ഗവൺമെന്റിനും വേണ്ടി പറയാനുള്ളത് പറഞ്ഞുകഴിഞ്ഞു. ഇതിൽ ഡിബേറ്റിന്റെ പ്രശ്നം വരുന്നില്ല. ഈ സ്ഥിതിയിൽ ഡിബേറ്റ് അനുവദിക്കാൻ കഴിയുകയില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : ഇതിൽ ഗവൺമെന്റ് വ്യക്തമായ ഒരു നിലപാട് സ്വീകരിക്കാതെ, മറുപടി പറയാതെ, ഗൗരവതരമായി നിയമസഭാകമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകാത്തതുകൊണ്ട് ഇതുമായി സഹകരിക്കാൻ ഞങ്ങൾക്ക് സാദ്ധ്യമല്ല. ഇത്രയും ഗൗരവതരമായിട്ടുള്ള ഒരു പ്രശ്നത്തിനു ഇങ്ങനെയുള്ള ഒരു നിലപാടാണ് മുഖ്യമന്ത്രിയും ഈ ഗവൺമെന്റും സ്വീകരിക്കുന്നത് എങ്കിൽ അതിനോട് യോജിക്കാൻ ഞങ്ങൾക്ക് കഴിയുകയില്ല.. .....(ബഹളം).....

ശ്രീ. എ. സി. ഷൺമുഖദാസ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു സംബന്ധിച്ച് ഇവിടെ മറുപടി പറഞ്ഞപ്പോൾ ഇവിടെ നടത്തിയത് ഒരു സാംസ്ക്കാരികയാത്രയാണെന്നാണ് പറഞ്ഞത്. ഈ അറബ് ടൈംസിൽ വന്നിട്ടുള്ള വാർത്തയനുസരിച്ച് കേരളാ ഗവൺമെന്റിന്റെ ഒത്താശയോടുകൂടി അവർക്ക് കൊടുത്തിട്ടുള്ള ഈ ആനുകൂല്യങ്ങളെല്ലാം വച്ചുകൊണ്ട് നമ്മുടെ രാജ്യത്തിന്, ലോകത്തിന്റെ മുമ്പിൽ അവമതിപ്പ് ഉണ്ടാക്കാനും ഈ രാജ്യത്ത് വർഗ്ഗീയ വികാരം കൂടുതൽ ആളിക്കത്തിക്കാനുമാണ് ശ്രമിച്ചിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത്. ഈ ഗവൺമെന്റും ഈ മന്ത്രിമാരും ഇരിക്കുന്നിടത്തോളം കാലം ഇത് രാജ്യദ്രോഹ നടപടിയാണ്, ഇവർ രാജിവച്ച് പുറത്തു പോകണം. .. .....(ബഹളം) .....

മി. സ്പീക്കർ : അങ്ങനെ പറയാൻ അനുവദിച്ചിട്ടില്ല. പ്രതിപക്ഷ നേതാവ് പറഞ്ഞതിന് മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് ദയവായി അങ്ങു ഇരിക്കൂ. സബ്മിഷന് വേറെ വകുപ്പില്ല. അതേക്കുറിച്ച് അങ്ങേക്കറിയാമല്ലോ. ശ്രീ. ഷൺമുഖദാസ്, ദയവായി അങ്ങ് ഇരിക്കണം. ചട്ടപ്രകാരമേ പോകാൻ കഴിയൂ. ഈ സഭയിലെ കീഴ്വഴക്കം നമുക്ക് അറിയാവുന്നതാണ്. ചെയറിന് കമ്പൽ ചെയ്യാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച പ്രശ്നത്തിന് ഗവൺമെന്റിന് പറയാനുള്ളത് പറഞ്ഞുകഴിഞ്ഞു. ഗവൺമെന്റ് എന്ത് പറയണമെന്ന് ചെയർ പറയുകയില്ല. ആവശ്യപ്പെടാം, വിരോധമില്ല അതുകൊണ്ടാണല്ലോ പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടത്. ശ്രീ. പങ്കജാക്ഷൻ, അങ്ങേക്കും ആവശ്യപ്പെടാം, അതുകൊണ്ടാണല്ലോ പ്രതിപക്ഷത്തിനുവേണ്ടി പ്രതിപക്ഷ കക്ഷി നേതാവിനെ അനുവദിച്ചത്.

ശ്രീ. ബേബി ജോൺ : ബഹുമാനപ്പെട്ട സ്പീക്കറുമായി ഞങ്ങൾക്ക് ഈ കാര്യത്തിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ഈ കാര്യത്തിൽ ഞങ്ങൾക്ക് വേണ്ടത് മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്നുള്ള മറുപടിയാണ്. അദ്ദേഹത്തിന്റെ വിശദീകരണത്തിൽ അത് കിട്ടിയിട്ടില്ല. അതുകൊണ്ടാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അത് വേണം.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഞാൻ മുഖ്യമന്ത്രിയുടെ മറുപടിയുടെ രീതിയെപ്പറ്റി പറയുകയല്ല. സാങ്കേതികത്വത്തിൽനിന്നുകൊണ്ട് ഇത് കേന്ദ്ര ഗവൺമെന്റിന്റെ കാര്യമാണ്, ഈ സംസ്ഥാന ഗവൺമെന്റിന് ഒന്നുമില്ല എന്നു പറയുന്നത് ശരിയല്ല. ഈ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെടണം. സാങ്കേതികത്വത്തിന്റെ കാര്യത്തിൽ ഒഴിഞ്ഞുമാറാൻ മുഖ്യമന്ത്രി ശ്രമിക്കുന്നത് തെറ്റാണ്.

ശ്രീ. ഇ. കെ. നായനാർ : മുഖ്യമന്ത്രി നടപടിയെടുക്കണമെന്നല്ല ഞാൻ പറഞ്ഞത്. നടപടി എടുക്കാൻ മുഖ്യമന്ത്രിക്ക് അധികാരവുമില്ല. മുഖ്യമന്ത്രിയുടെ അധികാരത്തെക്കുറിച്ചെല്ലാം എനിക്കും കുറെയൊക്കെ അറിയാം, വെറുതേ ബഡായി പറയേണ്ട! ഇവിടെ ആവശ്യം എന്താണെന്നുവച്ചാൽ അവർ വന്നതിനെ സംബന്ധിച്ച് കേരളാ ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്നുള്ളതാണ്. അവർ ഇൻഡ്യക്കെതിരായി പുറത്ത് പ്രചരണം നടത്തുമ്പോൾ നിങ്ങൾക്ക് ഒരു അഭിപ്രായമില്ലേ ? വെറും മരക്കുറ്റിയാണോ ? ഇൻഡ്യൻ ഡിഫൻസിനെപ്പറ്റി നിങ്ങൾക്ക് ഒരു ഒപ്പിനിയൻ ഇല്ലേ ? അതിനെപ്പറ്റി ഒന്നും പറയാതെ, അനേഷിപ്പിക്കാതെ ഇൻഡ്യാ ഗവൺമെന്റ്, ഇൻഡ്യാ ഗവൺമെന്റ് എന്നു പറഞ്ഞ് തടി രക്ഷിക്കുന്നതിനെ ഞങ്ങൾ പ്രോട്ടസ്റ്റ് ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : വളരെ വ്യക്തമായി ഞാൻ പറഞ്ഞു, ഈ റിപ്പോർട്ട് കുറെറിൽവച്ച് പത്രക്കാരോട് പറഞ്ഞിട്ടുള്ളതായിട്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്.....(ബഹളം).....

മി. സ്പീക്കർ : ഇവിടെ പ്രതിപക്ഷ നേതാവ് ഉന്നയിച്ചതിന് മുഖ്യമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ എന്നുള്ളതാണ്, അത് മുഖ്യമന്ത്രി പറയാൻ ശ്രമിക്കുമ്പോൾ പറയാൻ സമ്മതിക്കാതെ ഇരിക്കുന്നത് ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ഈ സംസ്ഥാനത്തുവച്ച് പ്രസംഗിച്ചതായി ഒരു റിപ്പോർട്ടുമില്ല. പ്രതിപക്ഷം ഉന്നയിച്ചിട്ടുമില്ല. നേരെ മറിച്ച് കുവൈത്തിൽ ചെന്നതിനുശേഷം പ്രസംഗിച്ച കാര്യങ്ങളും ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ആക്ഷേപകരം ആണ്, അപമാനകരമാണ്. പക്ഷേ ഈ രാജ്യത്തിന്റെ വ്യക്തിത്വത്തേയും അന്തസ്സിനേയും, നടപടിക്രമങ്ങളേയും മറ്റൊരു രാജ്യത്തുവച്ച് ആരെങ്കിലും ചോദ്യം ചെയ്താൽ അതിനെ നേരിടാനുള്ള സംവിധാനമുണ്ട്. അത് നോക്കാൻ കഴിവുള്ള ഒരു ഇൻഡ്യാ ഗവൺമെന്റ് ആണ് ഇന്നുള്ളത്. ഇൻഡ്യാ ഗവൺമെന്റിന്റെ അധികാരപരിധിയിൽപ്പെട്ടതാണെങ്കിൽ തീർച്ചയായും അവർ അത് നോക്കുകയും ചെയ്യും ഈ സംസ്ഥാനത്തിന്റെ അധികാര പരിധിയിൽപ്പെടാത്ത ഒരു കാര്യത്തിന് സംസ്ഥാന ഗവൺമെന്റിനു നടപടി സ്വീകരിക്കാൻ കഴിയുകയില്ല. ഇൻഡ്യാഗവൺമെന്റ് ആ കാര്യത്തിൽ നടപടി സ്വീകരിക്കും.....(ബഹളം)....

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ച് ഗവൺമെന്റിനു പറയാനുള്ളത് ഗവൺമെന്റ് പറഞ്ഞു കഴിഞ്ഞു. മറ്റു വിഷയങ്ങളെക്കുറിച്ച്..... (ബഹളം).....

(ഈ സമയം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ അവരുടെ സീറ്റിൽ നിന്നു എഴുന്നേറ്റ് സ്പീക്കറുടെ ഡയസിനു മുന്നിൽ സഭാതലത്തിൽ വന്ന് ഇരിക്കുകയും മുഖ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ലെന്നും നിയമസഭാ കമ്മിറ്റിയെ കൊണ്ട് ഈ കാര്യങ്ങൾ അന്വേഷിപ്പിക്കണമെന്നും ആവശ്യപ്പെടുന്ന മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്തുകൊണ്ടിരുന്നു.)

## VI മേശപ്പുറത്തുവച്ച കടലാസ്

### റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ക്ലിപ്തത്തിന്റെ 1984-85-ലേക്കുള്ള ഒൻപതാമതു വാർഷിക റിപ്പോർട്ടും കണക്കും റിവ്യൂ സഹിതം

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ക്ലിപ്തത്തിന്റെ 1984-85 ലേയ്ക്കുള്ള ഒൻപതാമതു വാർഷിക റിപ്പോർട്ടും കണക്കും, റിവ്യൂ സഹിതം ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

## VII റിപ്പോർട്ട് സമർപ്പണം

### (1) സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റിയുടെ പതിനാറാമതു റിപ്പോർട്ട്

ശ്രീ. എം. വി. മാണി : സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 16-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly